**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1482** **08-12-2022 - ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് 'കേരള പാഠ്യപദ്ധതി ചട്ടക്കൂടുകൾ സമൂഹ ചർച്ചയ്ക്കായുള്ള കുറിപ്പുകൾ' എന്ന പേരിൽ എസ്. സി. ഇ. ആർ.ടി. തയ്യാറാക്കിയ ചർച്ച കുറിപ്പുകൾ പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായ രൂപീകരണത്തിനായി പ്രസിദ്ധീകരിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ; | (എ) | സംസ്ഥാന പാഠ്യപദ്ധതി പരിഷ്കരണ ത്തിനായി തയ്യാറാക്കിയ "കേരള പാഠ്യപദ്ധതി ചട്ടക്കൂടുകൾ സമൂഹ ചർച്ചയ്ക്കായുള്ള കുറിപ്പുകൾ" പൊതുജനങ്ങളിൽ നിന്ന് അഭിപ്രായ രൂപീകരണത്തിനായി രണ്ട് തരത്തിൽ പ്രസിദ്ധീകരിച്ച് പ്രചരിപ്പിച്ചിട്ടുണ്ട്.<br><br>പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ച് സംസ്ഥാനത്തെ എല്ലാ പൊതു വിദ്യാലയങ്ങളിലും എത്തിച്ചു. അതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാർ, എം.എൽ.എ മാർ, വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് എത്തിച്ചു. പുസ്തകത്തിന്റെ ഡിജിറ്റൽ കോപ്പി സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രചരിപ്പിച്ചു. പുസ്തകത്തിന്റെ ഡിജിറ്റൽ കോപ്പി ഇതുമായി ബന്ധപ്പെട്ട അഭിപ്രായങ്ങൾ രൂപീകരിക്കുന്നതിന് വേണ്ടി തയ്യാറാക്കിയിട്ടുള്ള ടെക് പ്ലാറ്റ്ഫോമിൽ പ്രസിദ്ധീകരിച്ചു.<br><br>പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട ജനങ്ങളുടെ അഭിപ്രായ രൂപീകരണ ത്തിനായി വ്യത്യസ്തമാർന്ന ഇടപെടലുകൾ ആണ് ഇതിനകം നടത്തിയിട്ടുള്ളത്. സ്കൂൾ, ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് എന്നീ തലങ്ങളിൽ വിപുലമായ സംഘാടക സമിതി രൂപീകരിക്കുകയും സംഘാടകസമിതിയുടെ നേതൃത്വത്തിൽ പഞ്ചായത്ത്/മുൻസിപ്പൽ/ കോർപ്പറേഷൻ തലത്തിലും ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും ജനകീയ അഭിപ്രായ ശേഖരണത്തിനു വേണ്ടി വിപുലമായ ചർച്ചകൾ ആസൂത്രണം ചെയ്തു. ബ്ലോക്ക് തലം വരെയുള്ള ചർച്ചകൾ ഇതിനകം പൂർത്തിയായിട്ടുണ്ട്. |
| (ബി) | ഏതൊക്കെ വിഭാഗങ്ങളിൽ നിന്നും തലങ്ങളിൽ | (ബി) | സമൂഹത്തിന്റെ എല്ലാ തലങ്ങളിൽ നിന്നുമുള്ള |

| | | | |
|---|---|---|---|
| | നിന്നുമുള്ള അഭിപ്രായങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി ഈ കുറിപ്പുകൾ ജനങ്ങളിലേക്കും മറ്റുതലങ്ങളിലേക്കും എത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ചർച്ചാക്കുറുപ്പിന്റെ പകർപ്പ് നൽകുമോ; | | ജനങ്ങളുടെ അഭിപ്രായം ശേഖരിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ഇതിനകം പൂർത്തിയായിട്ടുണ്ട്. സ്കൂൾ തലത്തിൽ നടന്നിട്ടുള്ള ചർച്ചയിൽ സ്കൂളിലെ രക്ഷിതാക്കൾക്കൊപ്പം സ്കൂൾ പ്രദേശത്തുമുള്ള പൊതുജനങ്ങൾക്കും പങ്കെടുക്കാൻ അവസരം നൽകി. സ്കൂൾതലങ്ങളിൽ രൂപീകരിച്ച സംഘാടക സമിതികൾ ഇതിനാവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. സ്കൂൾ തല ചർച്ചയിൽ പങ്കെടുക്കാൻ കഴിയാതിരുന്നവർക്ക് ഗ്രാമപഞ്ചായത്ത് / മുൻസിപ്പൽ / കോർപ്പറേഷൻ / ബ്ലോക്ക് പഞ്ചായത്ത് തല ചർച്ചയിൽ പങ്കെടുക്കുന്നതിന് അവസരമുണ്ടായിരുന്നു.<br><br>ആവശ്യമായ ചർച്ചാക്കുറിപ്പുകൾ നേരത്തെ തന്നെ വിദ്യാലയങ്ങളിൽ എത്തിച്ചു. സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിപ്പിച്ചു. പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനത്തിൽ മുതിർന്നവരുടെ അഭിപ്രായങ്ങൾ തേടിയതിനൊപ്പം തന്നെ കുട്ടികളുടെ അഭിപ്രായങ്ങളും വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ശേഖരിച്ചിട്ടുണ്ട്. പാഠ്യപദ്ധതി പരിഷ്കരണത്തിനായി 26 ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. അതത് വിഷയ മേഖലകളിൽ വിപുലമായ സെമിനാറുകളും ചർച്ചകളും വിദഗ്ധർ ഉൾപ്പെടുന്ന ഫോക്കസ് ഗ്രൂപ്പ് നേരിട്ട് സംഘടിപ്പിച്ചിട്ടുണ്ട്.<br><br>കേരള പാഠ്യപദ്ധതി ചട്ടക്കൂടുകൾ സംബന്ധിച്ച സമൂഹചർച്ചയ്ക്കുള്ള കുറിപ്പും കുട്ടികൾക്കുള്ള ചർച്ചാക്കുറിപ്പും എസ്.സി.ഇ. ആർ.ടി. കേരള-യുടെ www.scertkerala.gov.in എന്ന വെബ് സൈറ്റിൽ Whats New -> Latest Updates എന്ന ലിങ്കിൽ ലഭ്യമാണ്. |
| (സി) | വിവിധ മേഖലകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കുന്ന പ്രക്രിയ എപ്രകാരം നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ; | (സി) | വിവിധ മേഖലകളിൽ നടന്നിട്ടുള്ള ജനകീയ ചർച്ചകളുടെ ക്രോഡീകരണം, സ്കൂൾ, പഞ്ചായത്ത് തല ചർച്ചകൾക്ക് ശേഷം ബ്ലോക്ക് തല ക്രോഡീകരണം പൂർത്തിയായി വരുന്നു. തുടർന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് ഇതിനായി തയ്യാറാക്കിയ ടെക് പ്ലാറ്റ്ഫോമിലേയ്ക്ക് അപ്.ലോഡ് ചെയ്യുന്നതിനാണ് നിർദേശിച്ചിട്ടുള്ളത്. ജനകീയ ചർച്ചകളിലെ നിർദ്ദേശങ്ങൾ അതത് വിഷയമേഖലകളുമായി ബന്ധപ്പെട്ട ഫോക്കസ് ഗ്രൂപ്പുകൾ പരിഗണിക്കുകയും അവയുടെ കൂടി അടിസ്ഥാനത്തിൽ നിലപാട് രേഖ തയ്യാറാക്കുകയും ചെയ്യും. അതോടൊപ്പം സ്കൂൾ |

| | | | |
|---|---|---|---|
| | | | തലത്തിൽ കുട്ടികൾ നടത്തിയ പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകളും വിശകലനം ചെയ്ത് നിർദേശങ്ങൾ പരിഗണിക്കും. ഇങ്ങനെ തയ്യാറാക്കുന്ന നിലപാട് രേഖയിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പാഠ്യപദ്ധതി ചട്ടക്കൂടുകളുടെ കരട് രൂപീകരിക്കും. പ്രീ സ്കൂൾ വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം എന്നീ മേഖലകളിലാണ് നാല് പാഠ്യപദ്ധതി ചട്ടക്കൂടുകൾ തയ്യാറാക്കുന്നത്. പാഠ്യപദ്ധതി ചട്ടക്കൂടുകളും വ്യത്യസ്ത തലത്തിലുള്ള ചർച്ചകൾക്ക് വിധേയമാക്കി കൊണ്ടാണ് അന്തിമമായി പാഠ്യപദ്ധതി രൂപീകരിക്കുന്നത്. |
| (ഡി) | ലോക ബാങ്ക് സഹായം സ്വീകരിച്ചുകൊണ്ട് നടപ്പിലാക്കിയ ഡി.പി.ഇ.പി. പദ്ധതി കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം തകർക്കുകയും ശരിയായ രീതിയിൽ എഴുതാനോ വായിക്കാനോ അറിയാത്ത ഒരു തലമുറയാണ് വൈദേശിക വായ്പ പദ്ധതിയിലൂടെ ഇവിടെ രൂപപ്പെട്ടത് എന്നുമുള്ള വിമർശനം ഉയർന്നതും ഡി.പി.ഇ.പി. പദ്ധതി പരാജയമായതുമാണോ ഇപ്പോൾ പുതിയ പാഠ്യപദ്ധതിയുമായി മുന്നോട്ട് വരുന്നതിന് കാരണം; വിശദമാക്കുമോ; | (ഡി) | ഡി.പി.ഇ.പി കേന്ദ്രസഹായത്തോടുകൂടി നടപ്പിലാക്കിയ ഒരു വിദ്യാഭ്യാസ പ്രോജക്ട് ആണ്. അക്കാലയളവിൽ നടപ്പാക്കിയ പാഠ്യപദ്ധതി പരിഷ്കരണമാണ് ഡി.പി.ഇ.പി പദ്ധതി എന്ന പേരിൽ തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നത്. അതിനുശേഷം 2001-ൽ കേരളത്തിൽ പാഠ്യപദ്ധതി പരിഷ്കരിച്ചു. 2005-ൽ ദേശീയ വിദ്യാഭ്യാസത്തെ അടിസ്ഥാനപ്പെടുത്തി 2007-ലും കേരളത്തിൽ പാഠ്യപദ്ധതി പരിഷ്കരിച്ചു. 2007 -ലെ പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ തന്നെ 2013-ൽ പാഠപുസ്തകങ്ങളിൽ മാറ്റം വരുത്തി. നിലവിലുള്ള പാഠ്യപദ്ധതി 2013 -ൽ രൂപപ്പെടുത്തിയതാണ്.<br><br>കാലാനുസൃതമായി പാഠ്യപദ്ധതി പരിഷ്കരിക്കുക എന്നുള്ളത് വിദ്യാഭ്യാസ രംഗത്ത് അനിവാര്യമാണ്. ഒന്നര പതിറ്റാണ്ടിന് ശേഷം സമഗ്രമായ രീതിയിൽ വിദ്യാഭ്യാസ രംഗത്ത് പരിഷ്കരണം നടപ്പിലാക്കേണ്ടതുണ്ട് എന്നതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ പുതിയ പാഠ്യപദ്ധതി പരിഷ്കരണ ശ്രമങ്ങൾ നടക്കുന്നത്. |
| (ഇ) | കേന്ദ്ര ഗവൺമെൻറ് വിദ്യാഭ്യാസ പദ്ധതിയായ ദേശീയ വിദ്യാഭ്യാസ നയം (എൻ.ഇ.പി. ) നടപ്പാക്കുന്നതിന്റെ ഭാഗമായി ആണോ ഇപ്പോൾ കേരളത്തിലും ഇപ്രകാരം പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുന്നത്; എൻ.ഇ.പി. കേരളത്തിൽ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എൻ.ഇ.പി. യുടെ ഘടകങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഇ) | ദേശീയ വിദ്യാഭ്യാസ നയം, കേന്ദ്ര ഗവൺമെൻറ്, സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും വിദ്യാഭ്യാസ പരിഷ്കരണത്തിന്റെ നിർദ്ദേശങ്ങൾ എന്ന നിലയിലാണ് പ്രസിദ്ധീകരിക്കുന്നത്. തനതായ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനാണ് വിദ്യാഭ്യാസ വകുപ്പ് ശ്രമിക്കുന്നത്. വിദ്യാഭ്യാസ നയത്തിലെ മാർഗ നിർദേശങ്ങൾക്ക് പകരം ജനകീയമായ ചർച്ചകളും പഠനങ്ങളും നടത്തി കേരളത്തിന്റെ തനിമ നിലനിൽക്കുന്ന പാഠ്യപദ്ധതി |

| | | | |
|---|---|---|---|
| | | | രൂപീകരിക്കുന്നതിനാണ് ശ്രമങ്ങൾ നടന്നുവരുന്നത്.<br><br>ദേശീയ വിദ്യാഭ്യാസ നയത്തിൽ സ്കൂൾ വിദ്യാഭ്യാസ മേഖലയിലും ഉന്നത വിദ്യാഭ്യാസ മേഖലയിലും നടപ്പിലാക്കേണ്ട പരിഷ്കാരങ്ങൾ സംബന്ധിച്ചാണ് നിർദ്ദേശങ്ങൾ ഉള്ളത്. |
| (എഫ്) | പുതിയ പാഠ്യ പദ്ധതി നടപ്പാക്കുന്നതിനു മുൻപ് കേരളത്തിൽ നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള വിദ്യാഭ്യാസ പരിഷ്കരണങ്ങളുടെ പരിണതഫലങ്ങൾ സംബന്ധിച്ച് ഒരു സമഗ്ര പഠനം നടത്തുന്നതിന് തയ്യാറാകുമോ; വിശദാംശം അറിയിക്കുമോ? | (എഫ്) | പാഠ്യപദ്ധതി പരിഷ്കരണത്തിനു രൂപീകരിച്ചിട്ടുള്ള 26 ഫോക്കസ് ഗ്രൂപ്പുകളും അതാത് മേഖലകളിൽ പഠനം നടത്തിയതിനുശേഷമാണ് വിദ്യാഭ്യാസ പരിഷ്കരണത്തിന് ആവശ്യമായ നിലപാട് രേഖ തയ്യാറാക്കുന്നത്. വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കുന്ന പരിഷ്കരണങ്ങൾ സംബന്ധിച്ച് സമഗ്ര ശിക്ഷാ കേരള, വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി, കൈറ്റ് എന്നിവയെല്ലാം പഠനങ്ങൾ നടത്തി വരികയും അതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ രംഗത്ത് ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ